LIBRARY ARCHIVES Kerala Legislative Assembly

ആർദ്രം പദ്ധതി

176 (4901) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം ആശുപത്രികളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

&

(സി) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി.കളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പി.എച്ച്.സി. മാടപ്പള്ളിയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും, ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പി.എച്ച്.സി. പായിപ്പാട്, പി.എച്ച്.സി. തൃക്കൊടിത്താനം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ എഫ്.എച്ച്.സി. ആയി പ്രവർത്തിച്ചുവരുന്നു. ആർദ്രം മൂന്നാം ഘട്ടത്തിൽ പി.എച്ച്.സി. വാഴപ്പള്ളിയെ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്തിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനം എൻ.എച്ച്.എം. വഴി നടന്നുവരുന്നു. ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ നേത്ര വിഭാഗത്തിൽ ഓപ്പറേഷൻ തിയേറ്റർ, പത്ത് കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കിഫ്ബി പദ്ധതി പ്രകാരം ജനറൽ ആശുപത്രി, ചങ്ങനാശ്ശേരിയിൽ കെട്ടിടം നിർമ്മിക്കുന്നതിലേക്ക് 28.4 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

ആർദ്രം പദ്ധതി പ്രകാരം മണ്ഡലത്തിൽ പുതിയതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	സ്ഥാപനം	സൃഷ്ടിച്ച തസ്തിക	എണ്ണം	ഉത്തരവ് നമ്പർ
(1)	(2)	(3)	(4)	5)
1	ജനറൽ ആശുപത്രി ചങ്ങനാശ്ശേരി	ദന്തൽ മെക്കാനിക്ക്	1	G.O.(MS) No.136/2017/H&FWD dated 23-9-2017
		ജൂനിയർ കൺസൾട്ടന്റ് (O&G)	1	
		സ്റ്റാഫ് നഴ്സ് (Gr.II)	3	G.O.(MS) No.101/2017/H&FWD dated 28-6-2017
		ലാബ് ടെക്നീഷ്യൻ (Gr.II)	1	
		ലാബ് ടെക്നീഷ്യൻ (Gr.II)	2	G.O.(MS) No.192/2017/H&FWD dated 7-10-2016
2.	എഫ്.എച്ച്.സി. മാടപ്പള്ളി	അസിസ്റ്റന്റ് സർജൻ	1	G.O.(MS) No.75/2017/H&FWD dated 12-5-2017
		സ്റ്റാഫ് നഴ്സ് (Gr.II)	2	
		ലാബ് ടെക്നീഷ്യൻ (Gr.II)	1	
		ഫാർമസിസ്റ്റ്	1	സ.ഉ. (സാധാ) നമ്പർ 1548/2018 ആ.കു.വ. തീയതി 8-5-2018

(1)	(2)	(3)	(4)	5)
3	എഫ്.എച്ച്.സി. പായിപ്പാട്	അസിസ്റ്റന്റ് സർജൻ	1	G.O.(MS) No.171/2019/H& FWD dated 14-11-2019
4	എഫ്.എച്ച്.ഡി തുക്കൊടിത്താനം	സ്റ്റാഫ് നഴ്സ്	1	G.O.(MS) No.171/2019/H& FWD dated 14-11-2019

തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

ആർദ്രം പദ്ധതി

177 (4902) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആർദ്രം പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വികസന പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ആർദ്രം ഒന്നാം ഘട്ടം

ആർദ്രം ഒന്നാം ഘട്ടത്തിൽ ടി നിയോജക മണ്ഡലത്തിലെ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ടി സ്ഥാപനങ്ങൾക്ക് ആരോഗ്യ കേരളം വഴി 8 ലക്ഷം രൂപ (എട്ട് ലക്ഷം രൂപ മാത്രം) ചെലവഴിച്ച് ആർദ്രം പദ്ധതി വിഭാവന ചെയ്യുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം, ജീവനക്കാരുടെ കുറവ് തുടങ്ങിയവയെല്ലാം വർദ്ധിപ്പിച്ച് സ്ഥാപനങ്ങൾ നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരികയാണ്. ഇതിനായി ടി സ്ഥാപനങ്ങൾക്ക് ഒന്ന് വീതം അസിസ്റ്റന്റ് സർജൻമാരുടെയും രണ്ട് വീതം സ്റ്റാഫ് നേഴ്സുമാരുടെയും ഒന്ന് വീതം ലാബ് ടെക്നീഷ്യൻമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സ.ഉ. (സാധാ) നമ്പർ 1548/2018/ആ.കു.വ., തിരുവനന്തപുരം, തീയതി 8-5-2018 പ്രകാരം ടി സ്ഥാപനങ്ങൾക്ക് ഒന്ന് വീതം ഫാർമസിസ്റ്റ് തസ്തികയും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly